# BSNL EMPLOYEES UNION
## NATIONAL FEDERATION OF TELECOM EMPLOYEES
## BSNL MAZDOOR SANGH
## TELECOM EMPLOYEES PROGRESSIVE UNION

# 2019 ജനുവരി 8,9 ദ്വിദിന ദേശീയ പണിമുടക്ക് വിജയിപ്പിക്കുക

സഖാക്കളെ, സുഹൃത്തുക്കളെ,

രാജ്യത്തെ തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവിതം അത്യന്തം ദുഷ്കരമാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം 2019 ജനുവരി 8,9 തീയതികളിൽ തുടർച്ചയായ 48 മണിക്കൂർ രാജ്യവ്യാപകമായി പണിമുടക്കുകയാണ്. ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ ജീവനക്കാരും കേന്ദ്ര-സംസ്ഥാന ജീവനക്കാരും പണിമുടക്കിൽ പങ്കെടുക്കുവാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. നവലിബറൽ സാമ്പത്തിക പരിഷ്ക്കരണ നടപടികൾ ആരംഭിച്ചതിനുശേഷമുള്ള 18-ാമത്തെ പണിമുടക്കിനാണ് 15 ഓളം മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് രാജ്യത്തെ തൊഴിലാളിവർഗ്ഗം തയ്യാറെടുത്തുകൊണ്ടിരിക്കുന്നത്.

സ്വതന്ത്ര ഭാരതത്തിലെ ഏഴു പതിറ്റാണ്ടിന്റെ ചരിത്രത്തിൽ പാർലമെന്റും ജുഡിഷ്യറിയും, ആസൂത്രണകമ്മീഷനും, തെരഞ്ഞെടുപ്പു കമ്മീഷനും, കേന്ദ്ര കുറ്റാന്വേഷണ വിഭാഗമടക്കമുള്ള ഭരണഘടനാ സ്ഥാപനങ്ങളും, രാജ്യത്തിന്റെ ബഹുസ്വരതയും, മതനിരപേക്ഷ ഉള്ളടക്കവും, ഫെഡറൽ ചട്ടക്കൂടും, രാജ്യസുരക്ഷയും, ഗുരുതരമായ ആക്രമണത്തിന് വിധേയമായിട്ടുള്ളത് ഇക്കഴിഞ്ഞ നാലരവർഷക്കാലമാണ്.

രാഷ്ട്രത്തിന്റെ തന്ത്രപ്രധാന മേഖലകളെല്ലാം സ്വകാര്യ കുത്തകകൾക്ക് തുറന്നുകൊടുക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ ചുളുവിലയ്ക്ക് കുത്തകകൾക്ക് വില്പന നടത്തുന്നു. 1991 നുശേഷം മൊത്തം വിറ്റത് 3.63 ലക്ഷം കോടി രൂപയുടെ പൊതുമേഖലാ ഓഹരികളാണ്. അതിൽ 2.1 ലക്ഷം കോടി രൂപയുടെ വില്പനയും ഈക്കഴിഞ്ഞ നാലരവർഷക്കാലത്താണ്. 2017-18 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന ഓഹരിവില്പന 72500 കോടി രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ വിറ്റത് 1,00,056.61 കോടി രൂപയുടേതാണ്. ഈ സാമ്പത്തികവർഷത്തിൽ തന്നെ ടെലികോം കൺസൽട്ടൻസി ഇന്ത്യാ ലിമിറ്റഡ് ഉൾപ്പെടെ ഏഴു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുവാൻ കേന്ദ്രമന്ത്രിസഭാ ഇപ്പോൾ അനുവാദം നൽകി.

തൊഴിലില്ലായ്മ അതീവഗുരുതരമായി തുടരുന്നു. വ്യവസായ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടലും, ഐ.ടി. മേഖലയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ നഷ്ടങ്ങളും സ്ഥിതിഗതികളെ കൂടുതൽ സങ്കീർണമാക്കുന്നു. പ്രതിവർഷം 2 കോടി തൊഴിലവസരം ലഭ്യമാക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ള സർക്കാർ, കേന്ദ്ര സർവ്വീസ് സെക്ടറിൽ മാത്രം

8 ലക്ഷത്തോളം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. തസ്തിക വെട്ടിക്കുറച്ചും, കരാർ/താൽക്കാലിക നിയമനം നടപ്പാക്കിയും പൊതുമേഖല അപ്പാടെ തകർക്കുകയാണ്. നിശ്ചിതകാല തൊഴിൽ നയം നടപ്പാക്കിയും തൊഴിലാളിക്ക് നിയമപരമായി അവകാശപ്പെട്ട ചുരുങ്ങിയ വേതനനയമടക്കമുള്ള സർവ്വ പരിരക്ഷയും തകർത്ത് ലേബർ കോഡുകൾ രൂപീകരിക്കുന്നതും പെൻഷൻ സ്വകാര്യവൽക്കരണവുമെല്ലാം തൊഴിലാളികളെ ചൂഷണത്തിനു വിട്ടുകൊടുത്ത് മുതലാളിമാർക്ക് ലാഭം കുന്നുകൂട്ടുന്നതിനുള്ള ഏർപ്പാടാണ്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ആവശ്യവസ്തുക്കളുടെയും വില നിയന്ത്രണാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. നോട്ടുനിരോധനവും ജി.എസ്.ടി.യും ഇന്ത്യൻ സമ്പദ്ഘടനയെ ഗുരുതരമായി ബാധിച്ചു. നോട്ട് നിരോധനം രാജ്യത്തെ തകർച്ചയിലേക്കാണ് നയിച്ചത്. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാത്തകാരണം, ചെറുകിട-ദരിദ്ര-ഇടത്തരം കർഷകർ തീരാദുരിതത്തിലായി. കൃഷിക്കായി ബാങ്കുകളിൽ നിന്നും വായ്പയെടുത്തവരുടെ ഭൂമി, ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ജപ്തിചെയ്യുന്നു. ഗതികെട്ട കർഷകർ ആത്മഹത്യചെയ്യുന്നു. ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന ദരിദ്ര ജനതയോട് ഒരു കാരുണ്യവും ബാങ്കുകൾ കാണിക്കുന്നില്ല. എന്നാൽ ലക്ഷക്കണക്കിന് കോടി രൂപ കിട്ടാക്കടമാക്കിയ കുത്തകകൾക്ക് പല സൗജന്യവും ലഭിക്കുന്നു. പത്തുലക്ഷം കോടി രൂപയാണ് ബാങ്കുകളിലെ കിട്ടാക്കടം. കടങ്ങൾ എഴുതിതള്ളിയും നികുതി ഇളവ് നൽകിയും കുത്തകകളെ സർക്കാർ കയ്യയച്ച് സഹായിക്കുന്നു. എന്നാൽ കടംകൊണ്ട് മുടിഞ്ഞ കർഷകരുടെ കടം എഴുതിതള്ളാൻ സർക്കാർ സന്നദ്ധമല്ല. ഈ കിട്ടാക്കടം തന്നെയാണ് ഇന്ത്യൻ ബാങ്കിംഗ് വ്യവസ്ഥയുടെ രോഗാവസ്ഥയ്ക്ക് മുഖ്യകാരണം. ഇന്ത്യയിലെ 21 പൊതുമേഖലാ ബാങ്കുകളിൽ പത്തൊൻപത് ബാങ്കുകൾ നഷ്ടത്തിലാണ്. ബാങ്ക്ലയനം കൊണ്ട് കിട്ടാകടത്തിന് ഒരു ശമനവും വരുത്താനായില്ല. കിട്ടാക്കടത്തിന്റെ പേരിൽ ഒരു പ്രതിസന്ധി സൃഷ്ടിച്ച് പൊതുമേഖലാ ബാങ്കുകളെ ആകെ സ്വകാര്യവൽക്കരിക്കാനുള്ള പാതയൊരുക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്.

ഭരണനടപടികളിൽ അസംതൃപ്തരായ ജനതയെ വർഗ്ഗീയമായി ശിഥിലീകരിക്കുന്നതിനുള്ള നടപടികളും, വിമർശനത്തിന്റെ ശബ്ദങ്ങളെ നിശ്ശബ്ദരാക്കിക്കൊണ്ടുള്ള ഫാസിസ്റ്റ് തേർവാഴ്ചയും ശക്തിപ്പെടുകയാണ്. രാമക്ഷേത്രപ്രശ്നം ഉയർത്തി രാജ്യത്ത് വർഗ്ഗീയ കലാപം സൃഷ്ടിക്കാനാണ് ശ്രമം. ശബരിമലവിഷയം ഉന്നയിച്ച് കേരളത്തിലും കലാപം സൃഷ്ടിക്കാനാണ് സംഘപരിവാർ ശക്തികൾ ശ്രമിക്കുന്നത്.

1991 മുതൽ അരങ്ങേറിയ ആഗോളവൽക്കരണ നയം ബി.എസ്.എൻ.എൽ.ന്റെ അന്ത്യംകാണാനുള്ള പുറപ്പാടിലാണ്. 2014 ൽ അധികാരത്തിൽ വന്ന സർക്കാർ അതിനുള്ള ആയുധങ്ങൾക്ക് മൂർച്ചകൂട്ടിക്കൊണ്ടിരിക്കുന്നു. ഓഹരിവില്പന, ആസ്തികൈമാറൽ, കേബിൾ മറിച്ച് നൽകൽ തുടങ്ങി നിരവധി നടപടികളിലൂടെ ആരംഭിച്ചതാണെങ്കിലും ജീവനക്കാരുടെ പ്രതിരോധത്തിനുമുന്നിൽ എല്ലാം തകർന്നു. നീതി ആയോഗിന്റെ വില്പനാ പട്ടികയിൽ ബി.എസ്.എൻ.എൽ.നെ ഉൾപ്പെടുത്തിയെങ്കിലും അതിനെതിരെയും തൊഴിലാളികൾ സംഘടിതമായി പൊരുതി. ടെലികോം രംഗത്ത് മുന്നേറാനും പുതിയ സാങ്കേതിക വിദ്യകളിലൂടെ വികസനക്കുതിപ്പ് നടത്താനും അനുവദിക്കാതെ ടെണ്ടർ നടപടികൾ റദ്ദുചെയ്ത് നഷ്ടങ്ങളുടെ നിലയില്ലാക്കയത്തിലേക്ക് തള്ളിവിട്ടു. നഷ്ടത്തിന്റെ പേരിൽ കമ്പനിയെതന്നെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ് കേന്ദ്രസർക്കാർ. രണ്ടരലക്ഷം കോടി രൂപ

ആസ്തിയുള്ള ഈ പൊതുമേഖലാ സ്ഥാപനത്തിന് ചുറ്റുമാണ് സ്വകാര്യ കോർപ്പറേറ്റ് കഴുകന്മാർ വട്ടമിട്ട് പറക്കുന്നതും. അവരെ എല്ലാ അർത്ഥത്തിലും സഹായിക്കുകയാണ് കേന്ദ്ര സർക്കാർ. ബി.എസ്.എൻ.എൽ മാനേജ്മെന്റിന്റെയും, ജീവനക്കാരുടെയും സംയുക്തപ്രവർത്തന ഫലമായി ബി.എസ്.എൻ.എൽ. പുരോഗതിയിലേക്ക് നീങ്ങുവാൻ തുടങ്ങി. 2014-15 ലെ 8234 കോടി രൂപയുടെ നഷ്ടം 2015-16 ആയപ്പോൾ 3850 കോടി ആയി കുറയ്ക്കുവാനും 2014-15 മുതൽ കമ്പനിയെ തുടർച്ചയായി പ്രവർത്തന ലാഭത്തിൽ എത്തിക്കുവാനും കഴിഞ്ഞു.

ജീവനക്കാരെ സംഘടിത ശ്രമത്തിന്റെ ഫലമായി വീണ്ടെടുപ്പിന്റെ വെള്ളിരേഖകൾ ദൃശ്യമായ സ്ഥാപനമായിരുന്നു ബി.എസ്.എൻ.എൽ. എന്നാൽ ഇന്ത്യൻ ടെലികോം രംഗത്ത് പുതുതായി കടന്നുവന്ന മുകേഷ് അംബാനിയുടെ റിലയൻസ് ജിയോയെ കൈയയച്ച് കേന്ദ്രസർക്കാർ സഹായിച്ചതിന്റെ ഫലമായി വീണ്ടും പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. ട്രായ് നിബന്ധനകളെ മറികടന്ന് താരിഫ് നിർണ്ണയിച്ചതും, സൗജന്യം പ്രഖ്യാപിച്ചതും, സ്വതന്ത്രമായി താരിഫ് നിർണ്ണയിക്കാനുള്ള അവകാശം എന്നിവവഴി ഉപഭോക്താക്കളെ കൂടുതൽ ആകർഷിപ്പിക്കാൻ സർക്കാർ തന്നെ റിലയൻസ് ജിയോക്ക് അവസരമൊരുക്കി. കേന്ദ്രസർക്കാരിന്റെ ഖജനാവിലേക്ക് നൽകുന്ന വരുമാനത്തിൽപോലും ജിയോയുടെ സൗജന്യ പ്രഖ്യാപനത്തിന്റെ ഫലമായി കുറവു വന്നിട്ടും സർക്കാർ ഇപ്പോഴും ജിയോയുടെ പക്ഷത്ത്തന്നെ. ഇഷ്ടംപോലെ താരിഫ് നിർണ്ണയിച്ച് ടെലികോം രംഗം കൈയ്യടക്കാനുള്ള ശ്രമം ബി.എസ്.എൻ.എൽ. നെ മാത്രമല്ല മറ്റു സ്വകാര്യ കമ്പനികളെയും പ്രതിസന്ധിയിലാക്കി. ഇന്ത്യയിൽ ടെലികോം സർവ്വീസ് അവസാനിപ്പിക്കുമെന്ന സ്വകാര്യ കമ്പനികളുടെ വെല്ലുവിളിക്ക് മുമ്പിൽ കേന്ദ്രസർക്കാർ മുട്ടുമടക്കി. സ്വകാര്യ കമ്പനികൾക്കു വേണ്ടി ബെയിൽ ഔട്ട് പാക്കേജ് പ്രഖ്യാപിച്ച് അവരെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. റിലയൻസ് ജിയോ, കേന്ദ്രസർക്കാറിന്റെ സഹായത്തോടെ ടെലികോം മാർക്കറ്റിൽ കൊടുംകാറ്റ് ഉയർത്തുമ്പോൾ ബി.എസ്.എൽ.ന് 4ജി നൽകുവാൻപോലും തയ്യറാകുന്നില്ല. സർക്കാറിന്റെ പ്രത്യേത പദ്ധതികളായ ഭാരത് നെറ്റ്, എൻ ഡബ്ള്യു.ഇ, എന്നിവ ലാഭനഷ്ടം നോക്കാതെ ബി.എസ്.എൻ.എൽ പ്രാവർത്തികമാക്കുന്നു, പ്രളയത്തിലും, പേമാരിയിലും പ്രകൃതിദുരന്തങ്ങളിലും ലാഭനഷ്ടം നോക്കാതെ സേവനം നടത്തുന്നത് സർക്കാറിനു വേണ്ടിയാണ്. ഗ്രാമീണ മേഖലയിൽ ലാന്റ്ലൈൻ സേവനം നൽകുന്നതും കേന്ദ്രസർക്കാറിന് വേണ്ടിയാണ്. നഷ്ടം സഹിച്ചും ഈ ഉത്തരവാദിത്വം ഏറ്റെടുത്ത് നിർവ്വഹിക്കുന്ന ബി.എസ്.എൻ.എൽ.നെ സഹായിക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നില്ല. ഇതെല്ലാം തന്നെ സർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നിലപാടാണ് സൂചിപ്പിക്കുന്നത്.

അങ്ങേയറ്റം ജനവിരുദ്ധ തൊഴിലാളിവിരുദ്ധ നടപടികളുമായി മുന്നോട്ടുപോകുന്ന കേന്ദ്രസർക്കാരിനെതിരായി സമസ്ത മേഖലകളിലും ഉയർന്നുവരുന്ന പ്രതിഷേധത്തെ ഊട്ടിയുറപ്പിച്ച് ഐക്യപ്പെടുത്തി ഒരു മഹാപ്രക്ഷോഭമാക്കി മാറ്റിത്തീർക്കുന്നതിനും, 2019 ജനുവരി 8,9 തീയതികളിലെ പണിമുടക്ക് സമരത്തിന് കഴിയും. ആ പ്രക്ഷോഭത്തിൽ ബി.എസ്.എൻ.എൽ. ജീവനക്കാരും വർദ്ധിത വീര്യത്തോടെ അണിചേരണം ദേശീയ പണിമുടക്ക് ഒരു ഐതിഹാസികവിജയമാക്കി തീർക്കുന്നതിന് മുഴുവൻ ബി.എസ്.എൻ.എൽ. ജീവനക്കാരും ഒറ്റക്കെട്ടായി അണിചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

സർക്കിൾ സെക്രട്ടറിമാർ,

**ബി.എസ്.എൻ.എൽ.ഇ.യു., എൻ.എഫ്.ടി.ഇ., ബി.എം.എസ്, ടി.ഇ.പി.യു.**